നം. സി.ഇ.ഇ/1515/2011/കെഇഎഎം-2012/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# <u>പത്രക്കുറിപ്പ്</u>

**കേരള എം.ബി.ബി.എസ് / ബി.ഡി.എസ്/ എഞ്ചിനീയറിംഗ് /ആർക്കിടെക്ച്ചർ പ്രവേശനം 2012:**

## സ്വകാര്യ സ്വാശ്രയ മെഡിക്കൽ / ഡെന്റൽ / എഞ്ചിനീയറിംഗ് / ആർക്കിടെക്ച്ചർ കോളേജുകളിൽ ന്യൂനപക്ഷ പദവി / കമ്മ്യൂണിറ്റി / ട്രസ്റ്റ്/ സൊസൈറ്റി ക്വാട്ടയിലേയ്ക്കുള്ള അലോട്ടുമെന്റിന് പരിഗണിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സ്വകാര്യ സ്വാശ്രയ മെഡിക്കൽ / ഡെന്റൽ / എഞ്ചിനീയറിംഗ് / ആർക്കിടെക്ച്ചർ കോളേജുകളിൽ ന്യൂനപക്ഷ പദവി / കമ്മ്യൂണിറ്റി / ട്രസ്റ്റ്/ സൊസൈറ്റി ക്വാട്ടയിലേയ്ക്കുള്ള അലോട്ടുമെന്റിനായി പരിഗണിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ജാതി/സമുദായ/ സൊസൈറ്റി/ ട്രസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ 30.06.2012 വരെ സമയം അനുവദിച്ചിരുന്നു. ഇതുപ്രകാരം സമർപ്പിച്ച സർട്ടിഫിക്കറ്റുകളുടെയും 2012-ലെ മെഡിക്കൽ / ഡെന്റൽ / എഞ്ചിനീയറിംഗ്/ ആർക്കിടെക്ച്ചർ പ്രവേശന പരീക്ഷയുടെ കാറ്റഗറി ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ ന്യൂനപക്ഷ പദവി/ കമ്മ്യൂണിറ്റി/ ട്രസ്റ്റ്/ സൊസൈറ്റി ക്വാട്ട സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **www.cee-kerala.org**-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട വിദ്യാർത്ഥികൾ പ്രസ്തുത ലിസ്റ്റ് പരിശോധിക്കേണ്ടതും ഇത് സംബന്ധിച്ച് പരാതി ഉണ്ടെങ്കിൽ അവ ബന്ധപ്പെട്ട രേഖകൾ സഹിതം **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695001** എന്ന വിലാസത്തിൽ **21.07.2012 വൈകുന്നേരം 5 മണിക്ക് മുൻപ്** രജിസ്റ്റേർഡ് തപാൽ വഴിയോ, നേരിട്ടോ ലഭ്യമാക്കേണ്ടതുമാണ്.

തിരുവനന്തപുരം
18.07.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**